REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-01-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ കരട് വോട്ടർപട്ടികയിൽ പരാതികളും അവകാശവാദങ്ങളും ഉന്നയിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 30 വരെ സമയം അനുവദിച്ചു.**
- **തിരുനാവായ നിളാ തീരത്തെ മഹാ മാഘ മഹോത്സവം രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊല്ലത്ത് ഉദ്ഘാടനം ചെയ്യും.**
- **തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസ് അംഗങ്ങളുടെ മഹാ പഞ്ചായത്ത് ഉച്ചയ്ക്ക് കൊച്ചി മറൈൻ ഡ്രൈവിൽ.**
- **ഇൻഡോർ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് പരാജയം. ന്യൂസിലാൻഡ് പരമ്പര സ്വന്തമാക്കി.**

## വാർത്തകൾ വിശദമായി

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ സംസ്ഥാനത്തെ കരട് വോട്ടർപട്ടികയിൽ പരാതികളും അവകാശവാദങ്ങളും ഉന്നയിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 30 വരെ സമയം അനുവദിച്ചു. സമയപരിധി ഈ മാസം 22-ന് അസാനിക്കാനിരിക്കെയാണ് കമ്മീഷൻ നടപടി.

സമയപരിധി നീട്ടണമെന്ന സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നൽകിയ അപേക്ഷയും, വിഷയത്തിലെ സുപ്രീംകോടതി നിർദ്ദേശവും

കണക്കിലെടുത്താണ് തീയതി നീട്ടിയത്. ഗുജറാത്ത്, തമിഴ്നാട് എന്നിവിടങ്ങളിലെ സമയപരിധിയും ഈ മാസം 30 വരെ നീട്ടിയിട്ടുണ്ട്.

✪✪✪

തിരുനാവായ നിളാ തീരത്ത് മഹാ മാഘ മഹോത്സവം എന്ന പ്രഥമ കേരള കുംഭമേളയ്ക്ക് രാവിലെ തുടക്കമാകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ധ്വജാരോഹണം നടത്തി മേള ഉദ്ഘാടനം ചെയ്യും.

മലപ്പുറത്തു നിന്ന് M സുരേഷ് ബാബു.

....(വോയ്സ്).....

✪✪✪

സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊല്ലത്ത് ഉദ്ഘാടനം ചെയ്യും. ക്ഷീര സഹകാരി പുരസ്കാരം, വർഗ്ഗീസ് കുര്യൻ പുരസ്കാരം, മാധ്യമ പുരസ്കാരം എന്നിവ ചടങ്ങിൽ വിതരണം ചെയ്യും. മികച്ച ശ്രവ്യ- മാധ്യമ ഫീച്ചർ വിഭാഗത്തിൽ ആകാശവാണി കോഴിക്കോട് നിലയത്തിന്റെ വയലും വീടും പരിപാടിയ്ക്കാണ് പുരസ്കാരം.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പങ്കെടുക്കുന്ന മഹാ പഞ്ചായത്ത് ഉച്ചയ്ക്ക് കൊച്ചി മറൈൻ ഡ്രൈവിൽ ആരംഭിക്കും. തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച 15000 ത്തിലേറെ കോൺഗ്രസ് ജനപ്രതിനിധികളാണ് KPCC യുടെ മഹാപഞ്ചായത്തിൽ പങ്കെടുക്കുന്നത്.

ഉച്ചക്ക് നെടുമ്പാശ്ശേരിയിൽ എത്തുന്ന രാഹുൽഗാന്ധി, ഡോ.M ലീലാവതിയുടെ വീട്ടിലെത്തിയ ശേഷമായിരിക്കും സമ്മേളന നഗരിയിൽ എത്തുന്നത്. പ്രതിപക്ഷ നേതാവ് VD സതീശൻ, AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ, സച്ചിൻ പൈലറ്റ്, പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല, കനയ്യ കുമാർ എന്നിവരടക്കം പ്രമുഖർ പങ്കെടുക്കും.

✪✪✪

കേരളത്തിന്റെ ഭൂപ്രകൃതിയും സംസ്ക്കാരവും അവതരിപ്പിക്കുന്ന അഖിലേന്ത്യാ ഫോട്ടോ പ്രദർശനം - ലെൻസ്കേപിന് ന്യൂഡൽഹിയിൽ നാളെ തുടക്കമാകും.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

....(വോയ്സ്)........................

✪✪✪

BJP ദേശീയ അധ്യക്ഷ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന്. ഉച്ചകഴിഞ്ഞ് രണ്ട് മുതൽ നാല് വരെയാണ് പത്രിക സമർപ്പണം. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് അഞ്ചു മണിയോടെ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാകും. ആറു മണി വരെ പത്രികകൾ പിൻവലിക്കാം. പോളിംഗ് ആവശ്യമായാൽ നാളെ നടത്താനാണ് തീരുമാനം. പുതിയ അധ്യക്ഷനെ നാളെ പ്രഖ്യാപിക്കും. പാർട്ടി ദേശീയ കൗൺസിലിലെയും, സംസ്ഥാന കൗൺസിലുകളിലെയും പ്രതിനിധികളാണ് അധ്യക്ഷനെ തിരഞ്ഞെടുക്കുന്നത്.

✪✪✪

അസമിലും പശ്ചിമ ബംഗാളിലുമായി 7,780 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ തറക്കല്ലിട്ടു. രണ്ടു സംസ്ഥാനങ്ങളിലുമായി അഞ്ചു അമൃതഭാരത് എക്സ്പ്രസ്സ് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു.അസമിലെ കാലിയാബോഡിൽ 6,950 കോടിയിലധികം രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന എലിവേറ്റഡ് വന്യജീവി ഇടനാഴി പദ്ധതിക്കും പ്രധാനമന്ത്രി തറക്കല്ലിട്ടു. ഇടനാഴി വന്യമൃഗങ്ങളുടെ തടസ്സമില്ലാത്ത യാത്രയ്ക്കും മനുഷ്യ വന്യജീവി സംഘർഷത്തിനും പരിഹാരമാകുമെന്നാണ് കരുതുന്നത്.

✪✪✪

UAE പ്രസിഡന്റ് ഷെയ്ക് മുഹമ്മദ് ബിൻ സയേദ് അൽ നഹ്യാൻ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് ഇന്ത്യയിലെത്തും. പ്രസിഡന്റായി ചുമതലയേറ്റ ശേഷം അദ്ദേഹത്തിന്റെ മൂന്നാമത്തെ ഇന്ത്യാ സന്ദർശനമാണിത്. വ്യാപാരം. നിക്ഷേപം, രാജ്യരക്ഷ, ഊർജം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും സഹകരണം വിപുലീകരിക്കാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായാണ് സന്ദർശനം. പ്രാദേശിക, ആഗോള വിഷയങ്ങളും സന്ദർശനത്തിനിടെ ചർച്ചയാകും.

✪✪✪

86-ാമത് അഖിലേന്ത്യ പ്രിസൈഡിങ് ഓഫീസർമാരുടെ സമ്മേളനം ഇന്ന് ഉത്തർപ്രദേശിലെ ലക്നൗവിൽ ആരംഭിക്കും. ലോക്സഭാ സ്പീക്കർ ഓം ബിർള സമ്മേളനം ഉദ്ഘാടനം ചെയ്യും. നിയമനിർമ്മാണ നടപടിക്രമങ്ങൾ പാർലമെന്ററി പാരമ്പര്യങ്ങൾ, സഭാനടത്തിപ്പ്, സദ്ഭരണം, നിലവിലെ നിയമനിർമ്മാണ പ്രശ്നങ്ങൾ എന്നിവയെ കുറിച്ച് .മൂന്ന് ദിവസത്തെ സമ്മേളനം വിപുലമായി ചർച്ച ചെയ്യും.

✪✪✪

സംസ്ഥാന ഭിന്നശേഷി കാർണിവൽ - 'സവിശേഷ Carnival of the Different' സർഗ്ഗോത്സവം തിരുവനന്തപുരത്ത് മന്ത്രി ഡോ. R ബിന്ദു ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. ടാഗോർ തീയേറ്ററിൽ ഭിന്നശേഷി അവാർഡുകളും മന്ത്രി വിതരണം ചെയ്യും. സമാപന സമ്മേളനം ബുധനാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നാളെ വഴുതക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ ഭിന്നശേഷിക്കാർക്കായി ജോബ് ഫെസ്റ്റും സംഘടിപ്പിക്കും.

✪✪✪

സംസ്ഥാന വനിതാകമ്മീഷന്റെ 'പറന്നുയരാം കരുത്തോടെ" കാമ്പയിൻ മന്ത്രി വീണാ ജോർജ് ഉച്ചകഴിഞ്ഞ് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ഉദ്ഘാടനം ചെയ്യും. ജീവിത പ്രതിസന്ധികൾ തരണം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനും, മനക്കരുത്ത് വർദ്ധിപ്പിക്കാനുമാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് നേടിയ കണ്ണൂർ ജില്ലാ ടീമിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്ന് സ്വീകരണം നൽകും. ഉച്ചയ്ക്ക് കണ്ണൂർ ജില്ലാ അതിർത്തിയായ മാഹിയിൽ നിന്ന് ടീമിനെ സ്വീകരിച്ച് കണ്ണൂർ ടൗൺ സ്ക്വയരിൽ എത്തിക്കും. സ്വീകരണ പരിപാടിയിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ജന പ്രതിനിധികൾ, സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മാഹി പള്ളൂർ ഗവ. ആശുപത്രിക്ക് നിർമിക്കുന്ന ബഹുനില കെട്ടിടത്തിന് പുതുച്ചേരി ലെഫ്. ഗവർണർ K.കൈലാസ നാഥൻ രാവിലെ ഓൺലൈൻ ആയി തറക്കല്ലിടും. പുതുച്ചേരി മുഖ്യമന്ത്രി N .രംഗസ്വാമി അധ്യക്ഷനായിരിക്കും. 50 കിടക്കകളോടെ നാലുനില കെട്ടിടമാണ് നിർമ്മിക്കുന്നത്.

✪✪✪

ഇൻഡോർ ഏകദിന ക്രിക്കറ്റിൽ ന്യൂസിലാൻഡിനോട് 41 റൺസിന് ഇന്ത്യ പരാജയപ്പെട്ടു. ഇതോടെ രണ്ട് മത്സരം ജയിച്ച് ന്യൂസിലാൻഡ് പരമ്പര സ്വന്തമാക്കി. ആദ്യ മത്സരത്തിൽ മാത്രമാണ് ഇന്ത്യ വിജയിച്ചത്. 338 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 46 ഓവറിൽ 296 റൺസിന് എല്ലാവരും പുറത്തായി. വിരാട്കോഹ്‌ലിയുടെ സെഞ്ചുറി പ്രകടനവും ഇന്ത്യയെ

വിജയത്തിലെത്തിച്ചില്ല. നേരത്തെ ന്യൂസിലാൻഡ് എട്ട് വിക്കറ്റ് നഷ്ടത്തിൽ 337 റൺസെടുത്തിരുന്നു.

✪✪✪

ദേശീയ കളരിപ്പയറ്റ് ലീഗിൽ കേരളം ചാമ്പ്യന്മാരായി. ഖേലോ ഇന്ത്യ കളരിപ്പയറ്റ് നാഷണൽ ലീഗ് അണ്ടർ 18 മത്സരത്തിലാണ് 10 സ്വർണവുമായി കേരളം കിരീടം നേടിയത്. കർണാടകം രണ്ടാം സ്ഥാനവും, ഡൽഹി മൂന്നാം സ്ഥാനവും നേടി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓൺലൈൻ ഓട്ടോ, ടാക്സി സർവീസ് 'കേരള സവാരി' തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. മന്ത്രിമാരായ V.ശിവൻകുട്ടിയും, K. രാജനും സ്കൂൾ കലോത്സവ വേദിയിൽ കേരള സവാരി ഫ്ലാഗ് ഓഫ് ചെയ്തു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

.....(വോയ്സ്)......

✪✪✪

കണ്ണൂർ ആറളം പുഴയോരത്ത് കുടിൽ പോലുമില്ലാതെ ജീവിക്കുന്ന 44 കുടുംബങ്ങളുടെ ദുരവസ്ഥക്ക് പരിഹാരമുണ്ടാക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. ജില്ലാ കളക്ടർ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ, ഇരിട്ടി ട്രൈബൽ എക്സ്റ്റെഷൻ ഓഫീസർ എന്നിവർ പരാതി അടിയന്തരമായി പരിശോധിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജൂ നാഥ് ആവശ്യപ്പെട്ടു. ഒരാഴ്ചക്കകം വിശദീകരണം നൽകണം. ഫെബ്രുവരി 12 ലെ സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

ഭിന്നശേഷി പെൻഷൻ ആറായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ആവശ്യപ്പെട്ടു. വ്യക്തിഗത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർണയിക്കണമെന്നും, ആശ്വാസകിരണം 600 രൂപയിൽ നിന്ന് ആയിരം രൂപയായി വർദ്ധിപ്പിക്കണമെന്നും പുതുതായി തിരഞ്ഞെടുത്ത സംസ്ഥാന ഭരണസമിതി ആവശ്യമുന്നയിച്ചു. ഇന്നലെ തിരുവനന്തപുരത്ത് KFB ആസ്ഥാനത്ത് സമിതിയംഗങ്ങൾ സ്ഥാനമേറ്റു.

✪✪✪

പാലക്കാട് ജില്ലയിൽ ആകാശവാണി FM നിലയം ആരംഭിക്കണമെന്ന് അഖില കേരള റേഡിയോ ലിസണേഴ്സ് അസോസിയേഷൻ ജനകീയ കൂട്ടായ്മ ആവശ്യപ്പെട്ടു. കൂട്ടായ്മ V.K ശ്രീകണ്ഠൻ MP ഉദ്ഘാടനം ചെയ്തു.

✪✪✪

ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരെ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കുട്ടികൾക്ക് നൽകുന്ന വാക്സിൻ തികച്ചും സുരക്ഷിതമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ K.J റീന അറിയിച്ചു. വളരെ അപൂർവ്വമായി ചെറിയ പാർശ്വഫലങ്ങൾ ഉണ്ടാകാമെങ്കിലും അവ താനേ സുഖപ്പെടുമെന്ന് സംസ്ഥാനതല ഇമ്മ്യൂണൈസേഷൻ സാങ്കേതിക സമിതി വിലയിരുത്തിയതായി ഡോ. റീന പറഞ്ഞു.

✪✪✪

സംസ്ഥാന സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ 41-ാം സംസ്ഥാന സമ്മേളനം രാവിലെ കണ്ണൂരിൽ ആരംഭിക്കും. KPCC പ്രസിഡണ്ട് സണ്ണി ജോസഫ് സംസ്ഥാന കൗൺസിൽ യോഗവും, വൈകിട്ട് പൊതുസമ്മേളനം K സുധാകരൻ MP യും ഉദ്ഘാടനം ചെയ്യും.

നാളെ AICC ജനറൽ സെക്രട്ടറി KC വേണുഗോപാലാണ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത്. പ്രതിനിധി സമ്മേളനം പ്രതിപക്ഷ നേതാവ് VD സതീശനും, പുതിയ സംസ്ഥാന കൗൺസിൽ യോഗം രമേശ് ചെന്നിത്തലയും ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: ഹബീബ് റഹ്മാൻ*
*DEO : ഷീബ*